"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതി - പാളയം- എയർപോർട്ട് റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 198/2005 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുക റിലീസ് ചെയ്യുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.398/2026/LSGD** **തീയതി, തിരുവനന്തപുരം, 16-02-2026**

പരാമർശം:-
1. സ.ഉ.(സാധാ)നം. 813/2025/തസ്വഭവ തീയതി 26/03/2025.
2. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 30/10/2025 തീയതിയിലെ എ3/2057/2018/ട്രിഡ നമ്പർ കത്ത്.
3. സ.ഉ.(സാധാ) നം.3039/2025/തസ്വഭവ, തീയതി, 22/12/2025.
4. സ.ഉ.(സാധാ) നം. 775/2026/ധന, തീയതി 27/01/2026

**ഉത്തരവ്**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പാളയം - എയർപോർട്ട് റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ഫയൽ ചെയ്തിട്ടുള്ള എൽ.എ.ആർ. 198/2005 നമ്പർ കേസിലെ ബാലൻസ് തുകയായ 12,86,127/- രൂപ (പന്ത്രണ്ട് ലക്ഷത്തി എൺപത്തിയാറായിരത്തി ഒരുന്നൂറ്റി ഇരുപത്തിയേഴ് രൂപ മാത്രം)-യും പരാമർശം (1) സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലാ കളക്ടറുടെ സസ്പെൻസ് അക്കൗണ്ടിൽ നിന്നും സബ് കോടതിയിൽ കെട്ടിവച്ചിട്ടുള്ള തുകയായ 78,90,438/- രൂപ (എഴുപത്തിയെട്ട് ലക്ഷത്തി തൊണ്ണൂറായിരത്തി നാന്നൂറ്റി മുപ്പത്തിയെട്ട് രൂപ മാത്രം)-യും ചേർത്ത് ആകെ 91,76,565/- രൂപ (തൊണ്ണൂറ്റിയൊന്ന് ലക്ഷത്തി എഴുപത്തിയാറായിരത്തി അഞ്ഞൂറ്റി അറുപത്തിയഞ്ച് രൂപ മാത്രം) അടിയന്തരമായി അനുവദിക്കണമെന്ന് പരാമർശം (2) പ്രകാരം തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

2) മേൽ പരാമർശിച്ച എൽ.എ.ആർ. 198/2005 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുകയായ 12,86,127/- രൂപയും തിരുവനന്തപുരം ജില്ലാ കളക്ടറുടെ സസ്പെൻസ് അക്കൗണ്ടിൽ നിന്നും സബ് കോടതിയിൽ കെട്ടിവച്ചിട്ടുള്ള തുകയായ 78,90,438/- രൂപയും ചേർത്ത് ആകെ 91,76,565/- രൂപ (തൊണ്ണൂറ്റിയൊന്ന് ലക്ഷത്തി എഴുപത്തിയാറായിരത്തി അഞ്ഞൂറ്റി അറുപത്തിയഞ്ച് രൂപ മാത്രം) അനുവദിക്കുന്നതിന് പരാമർശം (3) പ്രകാരം ഭരണാനുമതി നൽകി ഉത്തരവാകുകയും പരാമർശം (4) പ്രകാരം എൽ.എ.ആർ.198/2005 നമ്പർ കേസിലെ കക്ഷികൾക്ക് നൽകുവാനുള്ള ബാലൻസ് വിധിക്കടത്തുകയായ **12,86,127/- രൂപ മാത്രം (പന്ത്രണ്ട് ലക്ഷത്തി എൺപത്തിയാറായിരത്തി ഒരുന്നൂറ്റി ഇരുപത്തിയേഴ് രൂപ മാത്രം**) അനുവദിക്കുന്നതിന് ' 4217-60-800-

93-Payment of Compensation in LAR Cases (Plan Charged) എന്ന ശീർഷകത്തിൽ 12,87,000/- രൂപ അധികധനാനുമതിയായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

3) മേൽ പ്രകാരമുള്ള ഭരണാനുമതി ഉത്തരവിന്റെയും അധിക ധനാനുമതിയുടെയും അടിസ്ഥാനത്തിൽ , പാളയം - എയർപോർട്ട് റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ വഞ്ചിയൂർ വില്ലേജിൽ സർവ്വേ നം.2026/1,2,3,4,5,6,7,10,11 & 2026/12 എന്നിവയിൽ ഉൾപ്പെട്ട 2.00 ആർ ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 198/2005 നമ്പർ കേസിലെ കക്ഷികൾക്ക് നൽകുവാനുള്ള ബാലൻസ് വിധിക്കടത്തുകയായ **12,86,127/- രൂപ (പന്ത്രണ്ട് ലക്ഷത്തി എൺപത്തിയാറായിരത്തി ഒരുന്നൂറ്റി ഇരുപത്തിയേഴ് രൂപ മാത്രം)** ടി കേസിലെ കക്ഷികളായ ശ്രീ. കെ. ചന്ദ്രമോഹൻ, ശ്രീ. കെ. രാജ് മോഹൻ, ശ്രീ. വിജയ് കെ മോഹൻ എന്നിവർക്ക് അനുവദിക്കുന്നതിനായി **'4217-60-800-93 Payment of compensation in LAR Cases (Plan - Charged)'** എന്ന ശീർഷകത്തിൽ നിന്നും തിരുവനന്തപുരം ജില്ലാ കളക്ടർക്ക് റിലീസ് ചെയ്യുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

4) പരാമർശം (4) പ്രകാരം മേൽ ചെലവിന്റെ ക്രമീകരണത്തിലുള്ള ഉപധനാഭ്യർത്ഥന ശിപാർശ യഥാസമയം ലഭ്യമാക്കി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ASHA A K

**ജോയിന്റ് സെക്രട്ടറി**

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
ജില്ലാ കളക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, തിരുവിനന്തപുരം വികസന അതോറിറ്റി.
ബന്ധപ്പെട്ട കക്ഷികൾക്ക് (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം.
സ്പെഷ്യൽ ഓഫീസർ. സി.ആർ.ഡി.പി., തിരുവനന്തപുരം.
ഡെപ്യൂട്ടി കളക്ടർ (എൽ.എ), തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (ഫയൽ നം. WCD-3/28/2025/Fin dated 04/02/2026).
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,
ഐ & പി. ആർ. ഡി. (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ആർ.ഇ1/355 /2025/തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signed by
Biju. B
Date: 16-02-2026 17:14:11

സെക്ഷൻ ഓഫീസർ